# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2216 11.03.2020-ൽ മറുപടിക്ക്**

## സഹകരണ ബാങ്കുകൾക്കുള്ള ആദായ നികുതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>,, ആർ. രാമചന്ദ്രൻ<br>ശ്രീമതി സി.കെ. ആശ<br>ശ്രീ.വി.ആർ. സുനിൽ കുമാർ | ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | അക്കൗണ്ടുകളിൽ നിന്ന് ഒരു വർഷം ഒരു കോടി രൂപയ്ക്ക് മുകളിൽ പണം പിൻവലിക്കുന്നവരിൽ നിന്നും 2% ടി.ഡി.എസ്. പിടിക്കണമെന്ന് കേന്ദ്ര ആദായ നികുതി വകുപ്പ് സഹകരണ ബാങ്കുകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടോ; | (എ) | കേന്ദ്ര ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിച്ചേർത്ത 194 N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ ഒരു വർഷം ഒരു കോടിയലധികം രൂപ ബാങ്കുകളിൽ നിന്നും പിൻവലിക്കുന്നവരിൽ നിന്നും 2% ആദായനികുതി ഈടാക്കാൻ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ബാങ്കിംഗ് ബിസിനസ്സ് നടത്തുന്ന സഹകരണ സംഘങ്ങളെ ടി വകുപ്പിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ ബാങ്കിംഗ് ബിസിനസ്സ് അല്ല ചെയ്യുന്നത് എന്ന നിലയിൽ പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും ആദായ നികുതി ഈടാക്കണമെന്ന് കാണിച്ച് ആദായ നികുതി വകുപ്പ് നോട്ടീസ് നൽകിയിട്ടുണ്ട്. |
| (ബി) | സേവനം എന്ന നിലയിൽ സംസ്ഥാന സർക്കാരിന്റെ സാമൂഹിക ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്ന സഹകരണ ബാങ്കുകൾക്ക് കോടിക്കണക്കിന് രൂപയുടെ ഇടപാടുകൾ നടത്തേണ്ടതിനാൽ ഈ ഇടപാടുകൾക്ക് 2% നികുതി പിടിക്കേണ്ട സാഹചര്യം ഉണ്ടാകുമോ; വ്യക്തമാക്കുമോ; | (ബി) | സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം ഉൾപ്പടെ ഉള്ള എല്ലാ പണമിടപാടുകളിലും സംഘം, ഒരു കോടി രൂപയക്ക് മുകളിൽ തുക പിൻവലിക്കുന്ന സാഹചര്യത്തിൽ 2 ശതമാനം റ്റി.ഡി.എസ് പിടിക്കേണ്ട സാഹചര്യം ഉണ്ട്. |

| | | | |
|---|---|---|---|
| (സി) | കർഷകർ,കാർഷിക ഉല്പാദന സംഘങ്ങൾ, ഉല്പന്നങ്ങൾ വാങ്ങുന്ന സംഘങ്ങൾ എന്നിവർ ഉൾപ്പെടുന്ന കാർഷിക മേഖലയിലെ ഇടപാടുകൾക്കും ഇത്തരത്തിൽ നികുതി ഈടാക്കേണ്ടി വരുമോയെന്ന് വ്യക്തമാക്കുമോ; | (സി) | അംഗങ്ങളിൽ നിന്നും വലിയ തുക നിക്ഷേപമായി സ്വീകരിച്ച് കാർഷിക കാർഷികേതര പ്രവർത്തനങ്ങൾ നടത്തുന്ന എല്ലാ സഹകരണ സംഘങ്ങൾക്കും നിക്ഷേപങ്ങൾ പിൻവലിക്കുന്ന സാഹചര്യത്തിൽ റ്റി.ഡി.എസ് ബാധകമാണ്. |
| (ഡി) | പുതിയ നിബന്ധന സഹകരണ ബാങ്കുകളെ മറ്റേതൊക്കെ വിധത്തിൽ ബാധിക്കുമെന്ന് വിശദമാക്കുമോ; | (ഡി) | സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളുടെ മിച്ചഫണ്ട് കേരള സംസ്ഥാന സഹകരണ ബാങ്കിലാണ് നിക്ഷേപിച്ചു വരുന്നത്. സംഘങ്ങളുടെ ദൈനംദിന ആവശ്യങ്ങൾക്കായി ചിലപ്പോൾ ഒരു ദിവസം തന്നെ ഒരു കോടി രൂപയ്ക്ക് മുകളിൽ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും പിൻവലിക്കേണ്ടതായി വരും. ടി സാഹചര്യത്തിൽ കേന്ദ്ര ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിചേർത്ത 194 N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ ഒരു വർഷം ഒരു കോടിയലധികം രൂപ ബാങ്കുകളിൽ നിന്നും പിൻവലിക്കുന്നവരിൽ നിന്നും 2% റ്റി.ഡി.എസ് ഈടാക്കാനുള്ള വ്യവസ്ഥ സംഘങ്ങളുടെ പ്രവർത്തന മൂലധനത്തെ സാരമായി ബാധിക്കുമെന്നത് ആശങ്കാവഹമായ സ്ഥിതി വിശേഷമാണ്. |
| (ഇ) | പുതിയ നിബന്ധനയിൽ നിന്നും കർണാടകത്തിലെ സഹകരണ ബാങ്കുകളെ ഒഴിവാക്കിയതുപോലെ കേരളത്തിലെ സഹകരണ ബാങ്കുകളെയും ഒഴിവാക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേലുള്ള കേന്ദ്രത്തിന്റെ പ്രതികരണം എന്താണെന്നറിയിക്കുമോ? | (ഇ) | ടി നിബന്ധനയിൽ നിന്നും കർണാടകത്തിലെ സഹകരണ ബാങ്കുകളെ ഒഴിവാക്കിയതായി പത്ര മാധ്യമങ്ങൾ വഴി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്; കേന്ദ്ര ആദായനികുതി നിയമത്തിൽ പുതുതായി കൂട്ടിചേർക്കപ്പെട്ട 194N എന്ന വകുപ്പിന്റെ പരിധിയിൽ നിന്നും സംസ്ഥാനത്തെ സഹകരണ മേഖലയെ ഒഴിവാക്കുന്നതിനായി 11/10/2019-ൽ ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രി, കേന്ദ്ര കൃഷി വകുപ്പ് മന്ത്രി എന്നിവർക്ക് സംസ്ഥാന |

| | | | |
|---|---|---|---|
| | | | സഹകരണ വകുപ്പ് മന്ത്രി നിവേദനം സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും ഇക്കാര്യത്തിൽ പ്രതികരണം ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**